## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3723

25.06.2013- ലെ മറുപടിക്ക്

## സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) സഹകരണ സംഘത്തിലെ അംഗങ്ങളുടെയും സഹകാരികളുടെയും ക്ഷേമത്തിനായി സംഘങ്ങളുടെ അറ്റലാഭത്തിൽ നിന്നും 10% തുക നീക്കിവച്ചുകൊണ്ട് 'കോ-ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫണ്ട്' എന്ന ഒരു പദ്ധതി ആരംഭിക്കുന്നതിനായി 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ ജീവനക്കാർക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br>സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നത്; | (ബി) & (സി) അശരണരും രോഗബാധിതരും എന്നാൽ റിസ്ക് ഫണ്ടിന്റെ പരിധിയിൽ വരാത്തതുമായ സംഘാംങ്ങളുടെ ക്ഷേമത്തിനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് സഹകരണ സംഘം ചട്ടങ്ങളുടെ ഭേദഗതി നടപ്പിലാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുകയുള്ളൂ. |
| ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ചട്ടങ്ങൾ രൂപീകൃതമായതിനുശേഷം സ്കീം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ